ഫാ. അജോ രാമച്ചനാട്ട്

# യോഹ. 16 : 16 – 24

മനുഷ്യജീവിതത്തിൽ ഒരാൾ നടന്നുതീർക്കേണ്ട ചില അനിവാര്യമായ വേദനകൾ ഉണ്ട്. പ്രസാദാത്മകമായ അവസ്ഥകളിലേക്കെത്തിക്കുന്ന നൂൽപാലങ്ങൾ.

അല്പനേരത്തേക്കെങ്കിലും, ദൈവം കൂടെയില്ലാതെ വന്നാൽ ഒരാളുടെ വേദന എന്താവും. ഒരുമിച്ച് ഭക്ഷിച്ചിരുന്ന ശിഷ്യരിൽനിന്ന് താൻ പിരിയേണ്ടി വരുമ്പോൾ ശിഷ്യർ അനുഭവിക്കേണ്ട വേദനയും നിസഹായ അവസ്ഥയും അവർക്ക് വ്യക്തമാക്കാൻ ഈശോ തിരഞ്ഞെടുക്കുന്ന പ്രതീകം ഏറെ ലളിതവും, അർത്ഥവത്തുമായിരുന്നു.

ലോകത്തെ ഏറ്റവും വലിയ ശാരീരിക വേദന പ്രസവവേദനയാവണം. മനസ്സിന്റെ വേദനയാവട്ടെ കൂടെ ഉണ്ടായിരുന്ന ദൈവത്തിന്റെ കരം നഷ്ടപ്പെടുന്ന അവസ്ഥയും. ഇവ രണ്ടിനേയും പരസ്പരം ബന്ധപ്പെടുത്തുകയാണ് ഈശോ.

യോഹന്നാന്റെ സുവിശേഷം 16 -ാം അദ്ധ്യായത്തിൽ

1. നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും. എന്നാൽ ലോകം സന്തോഷിക്കും (യോഹ. 16 : 20)
   * ഒരു സ്ത്രീയുടെ പ്രസവവേദന അവളുടെ മാത്രം വേദനയാണ്. അതോർത്ത് മറ്റാരും ആകുലപ്പെടാറൊ വേദനിക്കാറൊ ഇല്ല.
   * കൺമുന്നിൽ വച്ച് തങ്ങളുടെ പ്രീയഗുരു ഒറ്റിക്കൊടുക്കപ്പെടുന്നതും കുറ്റവാളിയെപ്പോലെ പീഡിപ്പിക്കപ്പെടുന്നതും ക്രൂരമായി കൊലചെയ്യപ്പെടുന്നതും കണ്ട് മനസ്സ് വിറങ്ങലിച്ച ശിഷ്യൻമാർ തുടർന്നുള്ള ദിവസങ്ങളിൽ ഏറെ ഭയവിഹ്വലരും നിസ്സഹായരുമായിരുന്നു.അമ്മയെ നഷ്ടപ്പെട്ട കുഞ്ഞുങ്ങളെപ്പോലെ, ഇടയനെ നഷ്ടപ്പെട്ട ആടുകളെപ്പോലെ അവർ മാനസികമായി അനുഭവിച്ച വേദനകൾ. പക്ഷെ അവരുടെ വേദനകളിൽ പങ്കുചേരാൻ ആരെങ്കിലും ഉണ്ടായിരുന്നോ?

2. എന്നാൽ നിങ്ങളുടെ ദു:ഖം സന്തോഷമായി മാറും (യോഹ. 16 : 20) ആ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തുകളയുകയില്ല. 16 : 22.
   * പ്രസവവേദനയുടെ കഠോരതകളെക്കുറിച്ച് ഓർക്കാൻപോലും നേരമില്ലാതെ ദൈവം തന്ന കുഞ്ഞിനെ നെഞ്ചോടു ചേർക്കുന്ന, കാത്തിരുന്ന കൺമണിക്ക് സ്നേഹത്തോടെ മുത്തം കൊടുക്കുന്ന അമ്മമാർ.
   * തങ്ങൾ കടന്നുപോയ ഭീകര രാത്രികളും അവയുടെ ഭീദിതമായ ഓർമ്മകളും മറന്ന് ഉത്ഥിതനായ ക്രിസ്തു നല്കിയ സമ്മാനമായ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പതിന്മടങ്ങ് ധൈര്യവും ശക്തിയും പ്രകടിപ്പിക്കുന്ന ശിഷ്യൻമാരെ അപ്പ. പ്രവർത്തനങ്ങളിൽ നാം കണ്ടുമുട്ടുന്നു.

=> ജീവിതം സുഖ ദു:ഖ സമ്മിശ്രമല്ലെ?

ഒരു പകുതി പ്രജ്ഞയിൽ നിഴലും നിലാവും
ഒരു പകുതി പ്രജ്ഞയിൽ കരിപൂശിയ വാവും

(രമണൻ) ചങ്ങമ്പുഴ.

=> ജീവിതത്തിലെ വേദനളിലോർക്കാൻ

- ഈ വേദനയിലും ദൈവം എന്നെ മറക്കുന്നില്ല.
- ദൈവമറിയാതെ ജീവിതത്തിൽ ഒരു ഇല പോലും അനങ്ങുന്നില്ല.
- ഓരോ ജീവിതാനുഭവങ്ങളുടെയും പിന്നിൽ ദൈവത്തിന്റെ വ്യക്തമായ പദ്ധതികൾ.
- എന്റെ സഹനത്തിന് വലിയ വില നല്കുന്ന ദൈവം
- ഓരോ വേദനയും ഒരു വലിയ സന്തോഷത്തിലേയ്ക്കുള്ള ചവിട്ടുപടി.
- ഇതുകൊണ്ടൊന്നും ജീവിതം അവസാനിക്കുന്നില്ലല്ലൊ. കാലമിനിയുമുരുളും. ഓണം വരും, വിഷു വരും, പൂക്കൾ വിടരും, ഇലകളുണരും....... നീ ഈറ്റുനോവനുഭവിക്കാൻ തയ്യാറുണ്ടോ?
- എന്തിനാണ് ഈറ്റുനോവനുഭവിക്കേണ്ടത്
  (ഗലാ. 4 : 19 ) - പൗലോസ് പറയുന്നു. ക്രിസ്തു രൂപപ്പെടാൻ.

* ഓരോ വേദനയും ഓരോ ഈറ്റുനോവാകട്ടെ.
* ഓരോ ഈറ്റുനോവും ക്രിസ്തുവിനെ ജനിപ്പിക്കട്ടെ.